# ജയജീവിതത്തിലേക്കുള്ള പ്രവേശനം

സാക് പുന്നൻ

WFTW 03 ജനുവരി 2016

യഹോവ യോശുവയോട് അരുളിച്ചെയ്തത് അവൻറെ കാൽ പതിക്കുന്ന സ്ഥലമൊക്കെയും അവനു കൊടുക്കുമെന്നും (യോശുവ 1:3). അവൻറെ ജീവകാലത്തൊരിക്കലും ഒരുത്തനും അവൻറെ നേരെ നില്ക്കുകയില്ല എന്നുമാണ് (യോശുവ 1:5). ഇത് റോമർ 6:14ൽ നമുക്കു നൽകിയിരിക്കുന്ന പുതിയ നിയമ വാഗ്ദാനത്തിന് പ്രതീകാത്മകമായിട്ടുള്ളതാണ്. 'നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രെ അധീനരാകയാൽ പാപത്തിന് ഇനി നിങ്ങളുടെ മേൽ അധികാരം ഉണ്ടായിരിക്കുകയില്ല.' കനാൻ ദേശം കഴിഞ്ഞ നാളുകളിൽ അനേകം അനാക്യ മല്ലന്മാരാൽ ഭരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അവരെല്ലാം തോൽപിക്കപ്പെടും. ഒരൊറ്റ പാപത്തിനുപോലും (അതെത്ര ശക്തമായാലും) നമ്മെ ജയിക്കുവാൻ കഴിയുകയില്ല. അതാണ് നമുക്കു വേണ്ടിയുള്ള ദൈവത്തിൻറെ ഇഷ്ടം. എന്നാൽ യോശുവ വാസ്തവത്തിൽ ആ പ്രദേശത്തിൻറെ ഒരു ഭാഗത്ത് അവൻറെ പാദം വച്ച് യഹോവയുടെ നാമത്തിൽ അത് അവകാശപ്പെടേണ്ടിയിരുന്നു. അപ്പോൾ മാത്രമേ അത് അവൻറേതാകുമായിരുന്നുള്ളു. നമുക്കും അത് അങ്ങനെ തന്നെയാണ്. നാം നമ്മുടെ പിതൃസ്വത്തു വിശ്വാസത്താൽ അവകാശപ്പെടണം. നാം ദൈവത്തിൻറെ വാഗ്ദാനങ്ങൾ നമ്മുടേതായി മുറുകെ പിടിക്കുന്നില്ലെങ്കിൽ, അതൊരിക്കലും നമ്മുടെ ജീവിതങ്ങളിൽ നിറവേറപ്പെടുകയില്ല.

യഹോവ യോശുവയോടു പറഞ്ഞു: 'ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക. എൻറെ ദാസനായ മോശെ നിനക്കു തന്ന ന്യായപ്രമാണമൊക്കെയും പാലിക്കുവാൻ ശ്രദ്ധിക്കുക. നീ ചെല്ലുന്നിടത്തൊക്കെയും വിജയം വരിക്കേണ്ടതിന് അതു വിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറരുത്' (യോശുവ 1:7). 'പാപം നിങ്ങളുടെ മേൽ കർതൃത്വം നടത്തുകയില്ല' എന്ന് (റോമ. 6;14) ദൈവവചനം പറയുന്നെങ്കിൽ അതു വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യുക. ഇടത്തോട്ടോ വലത്തോട്ടോ മാറരുത്. അതിൻറെ അർത്ഥം: ആ വാഗ്ദാനത്തിൻറെ വിശാലത കുറയ്ക്കരുത് എന്നാണ്. ചില പാപങ്ങൾ മാത്രം ഉൾക്കൊള്ളത്തക്ക വിധം അതിനെ ചെറുതാക്കരുത്. അതേസമയം തന്നെ, അതു പറയുന്നതിനെക്കാൾ കൂടുതൽ അർത്ഥമാക്കുകയും ചെയ്യരുത്. ഈ ഭൂമിയിൽ നമുക്കു ക്രിസ്തു ആയിരുന്നതുപോലെ പൂർണ്ണനാകാൻ കഴിയും എന്നു നാം പറയരുത്. ഈ ഭൂമിയിൽ നമുക്കു പാപരഹിതമായ പൂർണ്ണത ഉള്ളവരാകാൻ കഴിയുകയില്ല. ആ വാഗ്ദാനം പറയുന്നത് അതല്ല. നമുക്കു പാപമെന്ന് അറിയാവുന്ന (ബോധപൂർവ്വമായ പാപം) പാപങ്ങളുടെ മേലുള്ള വിജയത്തെപ്പറ്റിയാണ് അത് പരാമർശിക്കുന്നത്. നമുക്കു പൂർണ്ണമായി ക്രിസ്തുവിനെപ്പോലെ ആകാൻ കഴിയുന്നത് അവിടുന്നു മടങ്ങി വരുമ്പോഴാണ്. 1 യോഹന്നാൻ 3:2 ഈ കാര്യത്തിൽ വളരെ വ്യക്തത തരുന്നു. അതുകൊണ്ടു നാം വചനത്തിന് അപ്പുറം പോകാതിരിക്കാം. അതുപോലെ വചനം വാഗ്ദാനം ചെയ്യുന്നതിനെക്കാൾ കുറച്ചു വിശ്വസിക്കാതെയുമിരിക്കാം.

ക്രിസ്തുവിനെപ്പോലെ ആയിത്തീരുന്നതിനെ കനാൻ ദേശം മുഴുവൻ കൈവശമാക്കുന്നതിനോട് അല്ലെങ്കിൽ വളരെ ഉയരമുള്ള ഒരു പർവ്വതം കയറുന്നതിനോട് ഉപമിക്കാം. നാം മാനസാന്തരപ്പെടുമ്പോൾ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും നമ്മുടെ കഴിഞ്ഞ കാലം മായ്ക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഇപ്പോഴും നാം പല പാപങ്ങളാലും അടിമകളാക്കപ്പെട്ടിരിക്കുന്നു. അതിനെ, നാം ഈ പർവ്വതത്തിൻറെ ചുവട്ടിലേക്കു വരുന്നതിനോടു താരതമ്യം ചെയ്യാം. പിന്നീടു നാം ഈ പർവ്വതം കയറുവാൻ ആരംഭിക്കുന്നു. പർവ്വതത്തിൻറെ മുകൾ ഭാഗം എന്നതു ക്രിസ്തുവിനോടുള്ള പൂർണ്ണമായ സദൃശമാണ്. ക്രിസ്തു മടങ്ങി വരുമ്പോൾ മാത്രമേ നാം അവിടെ എത്തിച്ചേരുകയുള്ളു. എന്നാൽ നാം ആ പർവ്വതത്തിൻറെ ചുവട്ടിൽ പാപത്താൽ തോൽപ്പിക്കപ്പെട്ട് എന്നന്നേക്കുമായി നിൽക്കേണ്ട

ആവശ്യമില്ല. വേദപുസ്തകം പറയുന്നു: 'നമുക്കു പൂർണ്ണതയിലേക്ക് ആയാം (എബ്രാ. 6:1). 2 കൊരിന്ത്യർ 7ൽ നാം പ്രബോധിപ്പിക്കപ്പെടുന്നത് 'ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കു'വാനാണ്.

'പൂർണ്ണത എന്ന വാക്കിനെ നാം ഭയപ്പെടരുത്. നാം അതിലേക്കായണം. പൗലൊസ് തൻറെ ജീവിതാവസാനത്തോടടുത്തപ്പോൾ പറഞ്ഞു, 'ഞാൻ ഇതുവരെ മുകളിൽ എത്തിച്ചേർന്നിട്ടില്ല. എന്നാൽ മുന്നോട്ട് ആഞ്ഞുകൊണ്ടിരിക്കുന്നു' (ഫിലി. 3:1214). കർത്താവ് ഇപ്പോൾ നമ്മിൽ അധികം പേരോടും പറഞ്ഞുകൊണ്ടിരിക്കുന്നത്, 'നിങ്ങൾ ഈ പർവ്വതത്തിൻറെ ചുവട്ടിൽ വേണ്ടുവോളം പാർത്തുകഴിഞ്ഞു. ഇനി ഇപ്പോൾ അതു കയറുക. മുന്നോട്ടായുക.' അതുകൊണ്ട് നാം ഇടത്തോട്ടോ വലത്തോട്ടോ തിരിയരുത്.

'ഈ ന്യായപ്രമാണപുസ്തകം നിൻറെ വായിൽ നിന്നു നീങ്ങിപ്പോകരുത്' (യോശുവ 1:8). ദൈവവചനം നമ്മുടെ ഹൃദയത്തിൽ ഉണ്ടായിരിക്കണം. അതു നമ്മുടെ വായിലും ഉണ്ടായിരിക്കേണ്ടതാവശ്യമുണ്ട്. നാം ദൈവവചനത്തിലെ വാഗ്ദാനങ്ങൾ വായ്കൊണ്ട് ഏറ്റുപറയണം. തങ്ങൾ മോഹിക്കുന്ന കാര്യങ്ങളാണ് അവർ ഏറ്റു പറയുന്നത് എന്നതാണ് ഇന്നു മിക്ക ക്രിസ്ത്യാനികൾക്കുമുള്ള പ്രയാസം. അവർ പറയുന്നത്, 'എനിക്കൊരു വലിയ വീടു ലഭിക്കുമെന്നു ഞാൻ ഏറ്റു പറയുന്നു. എനിക്കു കുറച്ചുകൂടി നല്ല ഒരു ജോലി ലഭിക്കുമെന്നു ഞാൻ ഏറ്റു പറയുന്നു. എനിക്കു ഒരു നല്ല കാർ ലഭിക്കുമെന്നു ഞാൻ ഏറ്റു പറയുന്നു'!! അതൊക്കെ ഏറ്റു പറയുന്നതിനു പകരം, നമുക്കു ദൈവവചനം ഏറ്റു പറയാം: 'കർത്താവേ, ഞാൻ എൻറെ കോപത്തെ ജയിക്കുമെന്നു ഞാൻ ഏറ്റു പറയുന്നു. എൻറെ കണ്ണുകൊണ്ടു മോഹിക്കുന്നതിനെ പൂർണ്ണമായി ജയിക്കുമെന്നു ഞാൻ ഏറ്റു പറയുന്നു. പണസ്നേഹത്തെ ജയിക്കുമെന്നു ഞാൻ ഏറ്റു പറയുന്നു.' നാം നമ്മുടെ വായ്കൊണ്ട് ഏറ്റു പറയുന്ന കാര്യങ്ങൾ ഇവ ആയിരിക്കണം. എന്നാൽ നാം ഇവയൊന്നും ഏറ്റു പറയുവാൻ പിശാച് ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അവൻ നമ്മെക്കൊണ്ട് ഭൗതീക കാര്യങ്ങളോടുള്ള മോഹം ഏറ്റു പറയിക്കുന്നു.

ഭൗതിക കാര്യങ്ങളിൽ താൽപര്യമുള്ളവരെ ചേർത്തു സഭ പണിയുവാൻ നിങ്ങൾക്കു കഴിയുകയില്ല. സ്വർഗ്ഗീയ കാര്യങ്ങളിലും, ദൈവഭക്തിയുള്ള ഒരു ജീവിതത്തിലും താൽപര്യപ്പെടുന്നവരെ കൊണ്ടു മാത്രമേ നിങ്ങൾക്കു സഭ പണിയുവാൻ കഴിയുകയുള്ളു. ഭൗതിക അഭിവൃദ്ധി ആളുകൾക്കു വാഗ്ദാനം ചെയ്തു തെറ്റായ രീതിയിലുള്ള ആളുകളെ നിങ്ങളുടെ സഭയിലേക്ക് ആകർഷിക്കരുത്. ദൈവം നിങ്ങൾക്ക് ഒരു വീടോ കാറോ തരുമെന്നു ദൈവചനം നിങ്ങൾക്കു വാഗ്ദാനം ചെയ്യുന്നുണ്ടോ? ഇല്ല. ദൈവവചനം വാഗ്ദാനം ചെയ്യുന്നത് നിങ്ങൾക്കു പാപത്തെ ജയിക്കാൻ കഴിയുമെന്നാണ്. കർത്താവിൽ എപ്പോഴും സന്തോഷിക്കുന്ന ഒരു ജീവിതത്തിലേക്കു നിങ്ങൾക്കു വരാൻ കഴിയുമെന്നാണ് ഒരു ദിവസത്തിൻറെ 24 മണിക്കൂറും നിരാശപ്പെടാതെ, നിരുത്സാഹപ്പെടാതെ, അല്ലെങ്കിൽ പരാജയപ്പെടാതെ എല്ലായ്പ്പോഴും ജയോത്സവമായി, എപ്പോഴും സന്തോഷിക്കുന്ന എല്ലായ്പോഴും എല്ലാ കാര്യങ്ങൾക്കും, എല്ലാ ആളുകൾക്കും വേണ്ടി നന്ദി പറയുന്ന ഒരു ജീവിതം. ഇതാണ് വേദപുസ്തകം വാഗ്ദാനം ചെയ്യുന്ന പുതിയ നിയമ ജീവിതം (പാലും തേനും ഒഴുകുന്ന കനാൻ ദേശം). അതു ഏറ്റു പറഞ്ഞിട്ടു പറയുക 'കർത്താവേ എൻറെ എല്ലാ നാളുകളിലും ഞാൻ ജീവിക്കാൻ ആഗ്രഹിക്കുന്നത് ഈ ജീവിതമാണ്.'

ഈ ജീവിതമാണ് ഞാൻ ജീവിക്കുവാൻ ആഗ്രഹിച്ചത്, ഞാൻ ഒരു യുവ ക്രിസ്ത്യാനി ആയിരുന്നപ്പോൾ ബൈബിൾ എനിക്കു വാഗ്ദാനം ചെയ്തത് എന്താണെന്നു ഞാൻ കണ്ടു. എന്നാൽ ഞാൻ എനിക്കു ചുറ്റുപാടുമുള്ള ക്രിസ്തീയ നേതാക്കളെ നോക്കിയപ്പോൾ, അവർ പാപത്താൽ പരാജിതരായാണ് ഞാൻ കണ്ടത്. അതുകൊണ്ടു ഞാൻ പറഞ്ഞു, 'കർത്താവേ എനിക്ക് അവരെ വിധിക്കണ്ട. അതെൻറെ കാര്യമല്ല. എന്നാൽ അവരെ എൻറെ മാതൃകയായി

കാണാനും ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ദൈവവചനത്തിലേക്കു മാത്രം നോക്കുവാൻ ആഗ്രഹിക്കുന്നു. എൻറെ ഏക മാതൃകയായി യേശുവിനെ മാത്രം നോക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.' ഒരു വിശ്വാസി എന്ന നിലയിൽ അനേക വർഷങ്ങളായി ഞാൻ പരാജിതനായിരുന്നു. എന്നാൽ ഒരിക്കൽ ക്രിസ്തുവിലുള്ള എൻറെ അവകാശം ഞാൻ കണ്ടു, വചനത്തിലുള്ള ദൈവത്തിൻറെ വാഗ്ദാനങ്ങൾ ഏറ്റു പറയുന്നത് ഞാൻ തുടർന്നു കൊണ്ടിരുന്നു അത് എനിക്കു സ്ഥിരമായ സന്തോഷത്തിൻറെയും സ്ഥരിമായ വിജയത്തിൻറെയും ജീവിതം വാഗ്ദാനം ചെയ്തു. ദൈവം ഒടുവിൽ എനിക്ക് എൻറെ ഹൃദയത്തിൻറെ ആഗ്രഹം എനിക്കു നൽകി. അങ്ങനെയാണ് ഞാൻ ഇപ്പോൾ ജീവിക്കാൻ ആഗ്രഹിക്കുന്നത്. എൻറെ ജീവിതാന്ത്യം വരെയും ഞാൻ ജീവിക്കാനാഗ്രഹിക്കുന്നതും അങ്ങനെ തന്നെയാണ്.

അതുകൊണ്ടു ദൈവത്തിൻറെ വാഗ്ദാനങ്ങൾ നിൻറെ വായിൽ നിന്നു നീങ്ങിപ്പോകരുത്. നിങ്ങൾ ഈ സന്ദേശം പ്രസംഗിക്കുകയാണെങ്കിൽ, പ്രശസ്തി അന്വേഷിക്കുന്ന പ്രസംഗകരുടെ ഇടയിൽ ദൈവത്തിനു വേണ്ടിയുള്ള ഏക ശബ്ദമായി നിങ്ങൾ നിങ്ങളെ തന്നെ ഇടയ്ക്കിടയ്ക്കു കാണും. നിരുത്സാഹപ്പെടരുത്. ദൈവം അവസാനത്തോളവും നിൻറെ കൂടെ തന്നെ നിൽക്കും.

യോശുവയോടു കല്പിച്ചത് രാവും പകലും ദൈവത്തിൻറെ വചനം ധ്യാനിക്കുവാനാണ്. ജാതികളുടെ ആവശ്യത്തെക്കുറിച്ചു ധ്യാനിക്കുവാനല്ല. അതു ധ്യാനിക്കുവാൻ കൊള്ളാവുന്ന ഒരു നല്ല കാര്യമായി തോന്നിയേക്കാം. എന്നാൽ രാവും പകലും ദൈവവചനം നിങ്ങൾ ധ്യാനിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് ആ ജാതികളെ സഹായിക്കാൻ കഴിയുകയില്ല. ദൈവം യോശുവയ്ക്കു സമൃദ്ധിയും വിജയവും വാഗ്ദാനം ചെയ്തത്, അവൻ വാസ്തവമായി അതു ചെയ്യുമെങ്കിൽ ആണ് (യോശു. 1:8). യഥാർത്ഥമായ 'സമൃദ്ധിയുടെ സുവിശേഷം' എന്നത് നമ്മുടെ ജീവിതം സ്വർഗ്ഗീയവും ആത്മീകവുമായി സമൃദ്ധിയുള്ളതും വിജയകരവും ആകുന്ന ഒരിടമാണ്. ഈ ലോകത്തിലുള്ള ഓരോരുത്തരും അന്വേഷിക്കുന്ന രണ്ടു കാര്യങ്ങളാണ് സമൃദ്ധിയും വിജയവും. എന്നാൽ അവരത് ദൈവം യോശുവയോട് (യോശുവ 1:8) പറയുന്ന വിധത്തിൽ അന്വേഷിക്കുന്നില്ല.